# പാലിയേറ്റീവ് കെയർ

ഉള്ളടക്കം


- എന്താണ് പാലിയേറ്റീവ് കെയർ?
- ആർക്കാണ് പാലിയേറ്റിവ് കെയർ ആവശ്യമാകുന്നത്?
- എനിക്ക് പാലിയേറ്റീവ് കെയർ ആവശ്യമാണോ?
- ആരാണ് പാലിയേറ്റിവ് കെയർ നൽകുന്നത്?
- എന്തെല്ലാം ഘടകങ്ങളിലാണ് പാലിയേറ്റിവ് കെയർ സഹായകമാകുന്നത്?
- എനിക്ക് എങ്ങനെ പാലിയേറ്റീവ് കെയർ സേവനങ്ങൾ ലഭ്യമാക്കാം?


- എന്താണ് പാലിയേറ്റിവ് കെയർ?

ഗുരുതര അസുഖവുമായി ബന്ധപ്പെട്ട രോഗലക്ഷണങ്ങൾക്കും പിരിമുറുക്കത്തിനും ആശ്വാസം നൽകാൻ ഉദ്ദേശിച്ചുള്ള ആരോഗ്യ ശുശ്രൂഷ സമീപനമാണ് പാലിയേറ്റിവ് കെയർ, രോഗികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിത ഗുണനിലവാരം അഭിവൃദ്ധിപ്പെടാൻ ഇത് കാരണമാകുന്നു. രോഗലക്ഷണങ്ങൾ നിയന്ത്രിക്കുക എന്നതിനു പുറമെ, ഏത് ജീവാപായ അസുഖങ്ങളുമായും ബന്ധപ്പെട്ട ശാരീരികവും മനശ്ശാസ്ത്രപരവും ആത്മീയവുമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുക എന്നതാണ് പാലിയേറ്റിവ് കെയറിലൂടെ അർത്ഥമാക്കുന്നത്. അർബുദ രോഗികളിൽ, രോഗനിർണ്ണയം നടത്തിയ സമയം മുതൽ പലിയേറ്റിവ് കെയർ ആരംഭിക്കാവുന്നതാണ്, രോഗത്തെ നിയന്ത്രിക്കുകയും ആയുർദൈർഘ്യം ദീർഘിപ്പിക്കുകയും ചെയ്യുന്ന ചികിത്സകളോടൊപ്പം അത് തുടരുകയും ചെയ്യാം. കൂടാതെ, കാര്യങ്ങൾ സ്വയമേ ചെയ്യാനും വിവരങ്ങളിലേക്ക് ആക്സസ് ചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളാനും രോഗികളെ സഹായിക്കുന്നതിൽ പാലിയേറ്റിവ് കെയർ നിർണ്ണായക പങ്ക് വഹിക്കുന്നു. അർബുദധിഷ്ഠിത ചികിത്സകളിൽ നിന്ന് മേലിൽ പ്രയോജനമൊന്നും ലഭിക്കാൻ സാദ്ധ്യതയില്ലാത്ത രോഗികളെ പരിചരിക്കുന്നതിൽ പാലിയേറ്റീവ് കെയർ ശ്രദ്ധയൂന്നുന്നു.

- ആർക്കാണ് പാലിയേറ്റിവ് കെയർ ആവശ്യമാകുന്നത്? എനിക്ക് പാലിയേറ്റിവ് കെയർ ആവശ്യമാണോ?

ഗുരുതര അസുഖമുള്ള ഏത് രോഗിക്കും പാലിയേറ്റിവ് കെയറിന്റെ ആനുകൂല്യം നേടാവുന്നതാണ്. പാലിയേറ്റിവ് കെയർ എന്നാൽ "ജീവിതാവസാന ശുശ്രൂഷ" ആണെന്ന ഒരു തെറ്റായ സങ്കൽപമുണ്ട്, എന്നാൽ അത് അങ്ങനെയല്ല. അർബുദ ചികിത്സയോടൊപ്പം നേരത്തേതന്നെ പാലിയേറ്റിവ് പരിചരണം ആരംഭിക്കുന്നത്, ഒരുപാട് അർബുദ രോഗികളിൽ മികച്ച ഫലങ്ങൾ സൃഷ്ടിച്ചതായി പഠനങ്ങൾ കാണിക്കുന്നു. അതിനാൽ, അർബുദ രോഗനിർണ്ണയം നടത്തിയ എല്ലാ രോഗികൾക്കും പാലിയേറ്റിവ് കെയറിന്റെ പ്രയോജനങ്ങൾ സ്വീകരിക്കാവുന്നതാണ്. ഹെമറ്റോളജിയുമായി ബന്ധപ്പെട്ട ഒട്ടുമിക്ക അർബുദങ്ങളുടെയും പ്രത്യേകത, രോഗലക്ഷണങ്ങളുടെ ആധിക്യമാണ്, സുദീർഘവും തീവ്രവുമായ ചികിത്സ, ഈ രോഗികളെ പാലിയേറ്റിവ് കെയറിനെ അവലംബിക്കുന്ന മാതൃകാ രോഗികളാക്കി മാറ്റി.

- ആരാണ് പാലിയേറ്റിവ് കെയർ നൽകുന്നത്?

പാലിയേറ്റിവ് കെയറിന് സാധാരണയായി തുടക്കമിടുന്നത്. രോഗിയെ ശുശ്രൂഷിക്കുന്ന അർബുദരോഗ വിദഗ്ദനാണ്. എന്നാൽ വിശിഷ്ടമായ ഒരു പാലിയേറ്റിവ് കെയറിന്റെ നിർവ്വഹണത്തിന്, വിവിധ വൈവിധ്യമാർന്ന ഒരു സമീപനം ആവശ്യമാണ്, ഓൺകോളജിസ്റ്റുമായി ചേർന്ന് പ്രവർത്തിക്കുന്ന, സമർപ്പിതരായ ഒരു പാലിയേറ്റിവ് കെയർ ടീം അതിൽ ഉൾപ്പെടുന്നു. സാധാരണയായി ഈ ടീമിൽ ഒരു ഫിസിഷ്യനും പരിശീലനം ലഭിച്ച നഴ്സുമാരും സഹായികളായി മറ്റു സ്റ്റാഫും ഉണ്ടായിരിക്കും.

• എന്തെല്ലാം ഘടകങ്ങളിലാണ് പാലിയേറ്റിവ് കെയർ സഹായകമാകുന്നത്?

- ശാരീരിക ഘടകങ്ങൾ: പാലിയേറ്റിവ് കെയറിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് അർബുദവുമായി ബന്ധപ്പെട്ട ലക്ഷണങ്ങൾ നിയന്ത്രിക്കുക, അതല്ലെങ്കിൽ ചില അവസരങ്ങളിൽ അതിന് ചികിത്സ നൽകുക എന്നതാണ്. ഉചിതമായ ഔഷധക്രമങ്ങളിലൂടെയോ മറ്റു നടപടികളിലൂടെയോ ഇത്തരം രോഗലക്ഷണങ്ങൾ നിയന്ത്രിക്കുന്നത് രോഗിയുടെ ശാരീരിക ക്ഷേമവും ആത്യന്തികമായി ജീവിത ഗുണനിലവാരവും മെച്ചപ്പെടുത്താൻ സഹായിക്കും. പാലിയേറ്റിവ് കെയർ സഹായ സാഹചര്യങ്ങളിലൂടെ അഭിമുഖീകരിക്കാവുന്ന നിരവധി സാധാരണ രോഗലക്ഷണങ്ങളിൽ ഉൾപ്പെടുന്നവ:
- ഓക്കാനവും ഛർദ്ദിയും
- ശ്വാസതടസ്സം
- മലബന്ധം
- വയറിളക്കം
- ക്ഷീണം

- സാമൂഹിക ഘടകങ്ങൾ: പാലിയേറ്റിവ് കെയർ സേവനങ്ങൾക്ക് രോഗികളുടെയും ശുശ്രൂഷാദായകരുടെയും ആവശ്യങ്ങൾ തിരിച്ചറിയാനും വേണ്ട പിന്തുണ നൽകാനും സാധിക്കും. വീട്ടിൽ ചില സഹായങ്ങൾ ചെയ്തുകൊടുക്കുക, ഉപകരണങ്ങൾ നൽകുക, യാത്രകൾക്ക് സഹായിക്കുക, സാമ്പത്തിക പ്രശ്നങ്ങൾ അഭിമുഖീകരിക്കാനുള്ള ശ്രമങ്ങൾ നടത്തുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

- മനശ്ശാസ്ത്രപരവും വൈകാരികവുമായ ഘടകങ്ങൾ: അർബുദത്തിന്റെ രോഗനിർണ്ണയം തന്നെ അധിക രോഗികൾക്കും ഏറെ അസ്വസ്ഥത ഉണ്ടാക്കുന്നതാണ്. ഹെമറ്റോളജിക്കൽ ക്യാൻസറുകളുടെ സാഹചര്യത്തിൽ, തീവ്രമായ ചികിത്സയും അതിന്റെ പ്രതികൂല സംഭവങ്ങളും കൂടുതൽ ദുരിതപൂർണ്ണമാകാം. ഒട്ടുമിക്ക രോഗികൾക്കും ഉത്കണ്ഠ, വിഷാദം, നിഷേധം, താദാത്മ്യപ്രശ്നങ്ങൾ എന്നിവ ഉണ്ടാകും. രോഗികളെ അവരുടെ അസുഖവുമായി ഒത്തുപോകാനും രോഗത്തിനെതിരെ പോരാടാനും രോഗിയെ സഹായിക്കാൻ പാലിയേറ്റിവ് കെയർ ടീമിന് സാധിക്കും. പാലിയേറ്റിവ് കെയർ ടീമിനൊപ്പം പ്രവർത്തിക്കുന്ന ചികിത്സകനായ ഒരു സാമൂഹ്യ പ്രവർത്തകന് അല്ലെങ്കിൽ മനശ്ശാസ്ത്രജ്ഞനായ ഒരു അർബുദരോഗ വിദഗ്ദന് ഇതിൽ പരമ പ്രധാനമായ പങ്ക് വഹിക്കാനാകും.

- ആത്മീയ ഘടകങ്ങൾ: ആത്മീയമായ ക്ഷേമം ആരോഗ്യത്തിന്റെ ഒരു പ്രധാന ഘടകമാണ് . ക്യാൻസറിനുള്ള ചികിത്സ സ്വീകരിക്കുന്ന നിരവധി രോഗികൾ ആത്മീയമായ വൈഷമ്യങ്ങൾക്ക് വിധേയരാകും, ജീവിതത്തിന്റെ പൊരുൾ, അസ്തിത്വം, ആത്മീയമായ വിശ്വാസങ്ങൾ എന്നിവയെ സംബന്ധിച്ച് അവർക്ക് ആശങ്കകൾ ഉണ്ടാകും. ഈ പ്രശ്നങ്ങളെ യഥാവിധി അഭിമുഖീകരിക്കുന്നത് ഈ രോഗികളുടെ ജീവിത ഗുണനിലവാരം അഭിവൃദ്ധിപ്പെടുത്തും. സമർപ്പിതരായ ഒരു പാലിയേറ്റിവ് കെയർ ടീമിന് രോഗികളുമായും കുടുംബങ്ങളുമായും ഈ ഘടകങ്ങളെ സംബന്ധിച്ച് കൂടിയാലോചിക്കാനും ആവശ്യമായ മാർഗ്ഗദർശനങ്ങൾ അവർക്ക് നൽകാനും സാധിക്കും.

- ജീവിതാവസാന ശുശ്രൂഷ: അർബുദം രൂക്ഷമായ ചില രോഗികൾ, ഏത് അർബുദ വിരുദ്ധ ചികിത്സയുടെയും പ്രയോജനം ലഭിക്കുന്നത്. നിലയ്ക്കുന്ന ഒരു ഘട്ടത്തിലെത്തിയേക്കാം. മരണത്തോട് അടുക്കുന്ന ഇത്തരം രോഗികൾക്ക്, ആശ്വാസത്തിൽ അധിഷ്ഠിതമായ ഒരു ശുശ്രൂഷ പാലിയേറ്റിവ് കെയർ ടീം നൽകുന്നു. രോഗികളുടെ വർദ്ധിച്ച ഉത്കണ്ഠയും പുതിയ രോഗലക്ഷണങ്ങളും പരിഗണനയിലെടുത്ത്, സാഹചര്യവുമായി ഒത്തുപോകാൻ ശുശ്രൂഷാദായകരെ അവർ സഹായിക്കുന്നു. സമൂഹാധിഷ്ഠിതവും ഗൃഹാധിഷ്ഠിതവുമായ പാലിയേറ്റിവ് കെയർ സർവീസുകളുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ അവ

സഹായകമാകും, കൂടാതെ 6 മാസത്തിൽ കുറഞ്ഞകാലം പ്രവചിക്കപ്പെട്ട രോഗികൾക്ക് അഭയകേന്ദ്രങ്ങളിൽ അധിഷ്ഠിതമായ ശുശ്രൂഷ തരപ്പെടുത്താനും മൾട്ടി ഡിസിപ്ലിനറി പാലിയേറ്റിവ് കെയർ ടീമിന് സാധിക്കും. സമഗ്രമായ സൗകര്യാധിഷ്ഠിത ശുശ്രൂഷ വാഗ്ദാനം ചെയ്യുന്ന അഭയകേന്ദ്ര ശുശ്രൂഷ, രോഗിയുടെ വീട്ടിലോ അതല്ലെങ്കിൽ ഈ ഉദ്ദേശ്യത്തിനുവേണ്ടി രൂപകൽപന ചെയ്ത മറ്റൊരു സ്ഥാപനത്തിലോ ആകാവുന്നതാണ്.

- എനിക്ക് എങ്ങനെ പാലിയേറ്റിവ് കെയർ സേവനങ്ങൾ ലഭ്യമാക്കാം?

ഹെമറ്റോളജിക്കൽ ക്യാൻസറുകൾ ചികിത്സിക്കുന്ന മിക്ക പ്രമുഖ ഹോസ്പിറ്റലിലും, സമർപ്പിതരായ ഒരു പാലിയേറ്റിവ് കെയർ ടീം ഉണ്ടായിരിക്കും. തുടക്കം മുതൽക്കേ രോഗിക്ക് ഇൻപേഷ്യന്റ് സേവനങ്ങളും ഔട്ട് പേഷ്യന്റ് സേവനങ്ങളും നൽകാൻ ഇവർക്ക് സാധിക്കും. സമൂഹാധിഷ്ഠിതവും ഗൃഹാധിഷ്ഠിതവുമായ പാലിയേറ്റിവ് കെയർ സർവീസുകൾ നിർവ്വഹിക്കാൻ കഴിയുന്ന വേറെയും പാലിയേറ്റിവ് കെയർ സർവീസുകൾ ഉണ്ടാകാം. വിവിധ സംസ്ഥാനങ്ങളിൽ ലഭ്യമായ പാലിയേറ്റിവ് കെയർ സർവീസുകളുടെ ഒരു പട്ടിക, അവയെ ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ സഹിതം ഡോക്യുമെന്റിന്റെ അവസാനത്തിൽ കൊടുത്തിട്ടുണ്ട്. ഇതിനുപുറമെ, https://www.palliativecare.in/ ലിങ്കിലൂടെയും ഇത് ആക്സസ് ചെയ്യാവുന്നതാണ്.